## ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം (NAPM)

വാർത്ത • വീക്ഷണം • വിശകലനം

# ചെങ്ങറ ഭൂസമരത്തെ പരാജയപ്പെടുത്താൻ ഹാരിസൺ സ്പോൺസേർഡ് ഗുണ്ടായിസം

ചെങ്ങറ ഭൂസമരത്തിന്റെ ഒന്നാം വാർഷികത്തിൽ ഹാരിസൺ സ്പോൺസേർഡ് - സി.പി.എം. - ഗുണ്ടായിസം ഗുരുതരമായ സ്ഥിതിവിശേഷമാണ് ചെങ്ങറയിൽ സൃഷ്ടിച്ചി രിക്കുന്നത്. പോലീസ് സംവിധാനം ഏകപക്ഷീയമായി ഹാരിസണുമായി ചേർന്ന് പ്രവർത്തിക്കുന്നു. ദളിത് സമൂഹത്തിന്റെ കൃഷിഭൂമിക്കു വേണ്ടി യുള്ള ഐതിഹാസിക സമരത്തെ പരാജയപ്പെടുത്താൻ ഹാരിസൺ മലയാളം പ്ലാന്റേഷനും സി.പി.എമ്മിന്റെ നേതൃത്വത്തിൽ എല്ലാ കക്ഷി രാഷ്ട്രീയക്കാരും ഭരണകൂടവും സംയുക്തനീക്കം ആരംഭിച്ചിരിക്കുന്ന കാഴ്ചയാണ് ചെങ്ങറയിൽ കാണുന്ന ത്. ചെങ്ങറ ഭൂസമരത്തിന്റെ ഒന്നാം വാർഷിക ആഘോഷവേള തന്നെ ഇതിനായി അവർ തെരഞ്ഞെടുത്തിരിക്കുന്നു.

2007 ജൂലൈ 4 നാണ് സാധുജന വിമോചന സംയുക്ത വേദിയുടെ ആഭിമുഖ്യത്തിൽ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ളതും പാട്ടക്കാലാവധി കഴിഞ്ഞതുമായ ചെങ്ങറ എസ്റ്റേറ്റിൽ കുടിൽ കെട്ടി സമരം ആരംഭിച്ചത്. തലമുറകളായി 10-5 -3 സെന്റ് കോളനികളിലായി ഒതുക്കപ്പെട്ടവരും റോഡ്-തോട്- പുറംപോക്ക് നിവാസികളുമായ പരമ്പരാഗത ജാതി സമൂഹങ്ങൾക്ക് അധികാരികൾ വച്ചു നീട്ടുന്ന നക്കാപ്പിച്ചകൾക്കപ്പുറം ജീവിക്കാൻ ആവശ്യമായ കൃഷിഭൂമി എന്ന ആവശ്യവുമായി ആയിരക്കണക്കിന് ഭൂരഹിത ജനങ്ങൾ കക്ഷി രാഷ്ട്രീയത്തിനതീതമായി സമരം ചെയ്യുന്നു എന്നതാണ് ചെങ്ങറ ഭൂസമരത്തിന്റെ പ്രത്യേകതയും പ്രാധാന്യവും.

എന്നാൽ ഈ പ്രക്ഷോഭത്തെ പോലീസിന്റെ ബലപ്രയോഗം കൊണ്ടും നുണപ്രചരണങ്ങൾ കൊണ്ടും ഏറ്റവും അവസാനം തൊഴിലാളികളെന്ന പേരിൽ ഹാരിസൺ ഗുണ്ടകളെക്കൊണ്ടും അടിച്ചമർത്താനുമാണ് ഹീനശ്രമം നടക്കുന്നത്. ചെങ്ങറ ഭൂസമരത്തിന്റെ ഒന്നാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്യാനെത്തിയ നന്ദിഗ്രാം സമരനായകൻ സ്വപൻ ഗാംഗുലി, സി.ആർ. നീലകണ്ഠൻ, ജിയോ ജോസ്, ഫാ.അഗസ്റ്റിൻ വട്ടോളി, ഫാ. എബ്രാഹാം ജോസഫ് തുടങ്ങിയവരെ ട്രേഡ് യൂണിയൻ പ്രവർത്തകരെന്ന് അവകാശപ്പെടുന്നവർ തടഞ്ഞുവച്ച് അസഭ്യം പറയുകയും കൈയ്യേറ്റത്തിന് മുതിർന്ന് തിരിച്ചയയ്ക്കുകയുമുണ്ടായി. അവർ വന്ന വാഹനങ്ങൾ തല്ലിത്തകർക്കുകയും സ്ഥലത്തുണ്ടാ യിരുന്ന മാധ്യമ പ്രവർത്തകരെ മർദ്ദി ക്കുകയും ചെയ്തു. വികലാംഗരും സ്ത്രീകളുമടക്കം സമരക്കാർക്ക് നേരെയും ആക്രമണമുണ്ടായി. പോലീസിന്റെയും അധികാരികളു ടേയും ഒത്താശയോടെയുള്ള ഉപ രോധം ഇപ്പോഴും തുടരുകയാണ്. ഹാരിസൺമാനേജ്മെന്റ് രാഷ്ട്രീയ ഭരണ നേതൃത്വവുമായി ഗൂഡാലോചന നടത്തി സമരം പൊളിക്കാൻ എസ്റ്റേറ്റ് തൊഴിലാളികളെന്ന പേരിൽ രംഗത്തി റങ്ങുന്നത് ജനാധിപത്യ വിരുദ്ധമാ ണെന്നും അത് അവസാനിപ്പിക്കണെ മെന്നും എൻ.എ.പി.എം. സംസ്ഥാന സമിതി ആവശ്യപ്പെട്ടു.

ഭൂമിക്കു വേണ്ടി സമരം നടത്തുന്ന ദളിതരെയും തൊഴിലാളികളെയും രണ്ടു തട്ടിലാക്കി തമ്മിലടിപ്പിക്കുന്ന നയം കമ്മ്യൂണിസ്റ്റുകൾക്ക് ചേർന്നത ല്ലെന്ന് നന്ദിഗ്രാം സമര നേതാവ് സ്വപൻ ഗാംഗുലി ചെങ്ങറയിലെ പരിപാടിയിൽ പങ്കെടുക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടതിനെ തുടർന്ന് പത്തനംതിട്ടയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പാവപ്പെട്ടവർക്കും ദളിതർക്കും അർഹതപ്പെട്ട കൃഷിഭൂമി ലഭിക്കുകയെന്ന അടിസ്ഥാന പ്രശ്നത്തെ തമസ്ക്ക രിക്കാൻ ഗുണ്ടായിസം കൊണ്ട് കഴി യില്ലെന്നും സ്വപൻ ഗാംഗുലി പ്രസ്താവിച്ചു. ഒരു ജനകീയ സമരത്തെ ജനാധിപത്യ മാർഗ്ഗങ്ങളിലൂടെ ചർച്ച ചെയ്ത് അവസാനി പ്പിക്കുവാൻ നടപടികൾ കൈക്കൊള്ളുന്നതിനു പകരം വർഗ്ഗ സമര സിദ്ധാന്തത്തെ തന്നെ തള്ളിപ്പറഞ്ഞുകൊണ്ട് പട്ടികജാതി കൺവെൻഷൻ സംഘടിപ്പിക്കുന്നതിന്റെ ഔചിത്യമെന്താണെന്ന് സി.പി.എം. വ്യക്തമാക്കണം? ഭക്ഷണ വും മരുന്നും നിഷേധിച്ചുകൊണ്ട് ഉപരോധം സൃഷ്ടിച്ച് ജനങ്ങളെ കൊല പ്പെടുത്താൻ ശ്രമിക്കുന്ന എസ്റ്റേറ്റ് ഉടമകളുടെ പിണിയാളുകളും ക്രമസമാ ധാന പ്രശ്നം സൃഷ്ടിച്ച് സമരക്കാരെ കുടിയിറക്കാൻ ശ്രമിക്കുന്ന വിവിധ ട്രേഡ് യൂണിയൻ നേതാക്കളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് പൂർണ്ണ ഉത്തര വാദിത്തം സർക്കാരിനും രാഷ്ട്രീയ പാർട്ടികൾക്കുമായിരിക്കും.

### ഭവനരഹിതർ ഒത്തുചേരുന്നു

കേരള ഭവനരഹിത ജനകീയ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയുടെ 62-ാം സ്വാതന്ത്ര്യ ദിനത്തിൽ ഭവനരഹിതരുടെയും താമസയോഗ്യമല്ലാത്ത ഭവനങ്ങളിൽ കഴിയുന്നവരുടേയും ദുരിത ജീവിതത്തിനറുതി വരുത്തുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാർ ഭവന പദ്ധതി തുടങ്ങണമെന്നാവശ്യപ്പെട്ടുകൊണ്ട് എറണാകുളം കണയന്നൂർ താലൂക്കാഫീസിനു മുമ്പിൽ സത്യഗ്രഹവും ജനിച്ച മണ്ണിൽ ജീവിക്കാനായി മണ്ണെടുത്ത് പ്രതിജ്ഞയും ചെയ്തു.